**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**04.10.2018**

## പത്രക്കുറിപ്പ്

### കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യജൈവവൈവിധ്യ ബ്ലോക്ക് പഞ്ചായത്താക്കാൻ രൂപരേഖ തയ്യാറാക്കുന്നു

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിനെ കേരളത്തിലെ ആദ്യ ജൈവ വൈവിധ്യ ബ്ലോക്ക് പഞ്ചായത്താക്കിമാറ്റാനുള്ള രൂപരേഖ തയ്യാറാവുന്നു. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഗവ.റസ്റ്റ് ഹൗസിൽ വിദഗ്ദ്ധരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷന്റെ സഹകരണത്തോടെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ എന്നിവരുടെ സംയുക്ത സംരംഭമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഹരിതകേരളം മിഷന്റെ ഭാഗമായി 2018-19 ലെ സംസ്ഥാന ബജറ്റിൽ കോഴിക്കോട് ജൈവ വൈവിധ്യ ബ്ലോക്ക് പഞ്ചായത്തിനും ജൈവ വൈവിധ്യ പാർക്കിനും വേണ്ടി മൂന്നു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തണ്ണീർത്തടങ്ങളും കാവുകളും പുഴകളും, കുന്നുകളും കടൽത്തീരവും ഉൾപ്പെടുന്ന ജൈവസമ്പന്നമായ ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി പ്രദേശം. ചെറുവനങ്ങളും, ചെറുതും വലുതുമായ കണ്ടൽക്കാടുകളും, വൈവിധ്യമാർന്ന സസ്യജാലങ്ങളും, ജലജന്യ സസ്യങ്ങളും, ജലജീവികളും, പുഴമത്സ്യങ്ങളും മറ്റു സസ്യലതാദികളും നിരവധി കാർഷിക വിളകളുംകൊണ്ട് സമ്പന്നമാണ് ഈ ഭൂപ്രദേശം

വംശനാശ ഭീഷണി നേരിടുന്ന സസ്യ-ജന്തുജാലങ്ങളെ സംരക്ഷിച്ചും നഗരവത്ക്കരണം, മലിനീകരണം, പ്രകൃതി നശീകരണം എന്നിവയെ പ്രതിരോധിച്ചും ശാസ്ത്രീയമായ വീക്ഷണത്തിലൂടെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിനെ കേരളത്തിലെ ആദ്യ ജൈവവൈവിധ്യ ബ്ലോക്ക് പഞ്ചായത്താക്കി മാറ്റുവാനുള്ള പ്രയത്നത്തിനാണ് തുടക്കമിട്ടിരിക്കുന്നത്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ അധ്യക്ഷത വഹിച്ച ശില്പശാലയിൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനോജ്കുമാർ, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ സീനിയർ സയന്റിസ്റ്റ് ഡോ.എൻ.എസ്. പ്രദീപ്, ആർക്കിടെക്ട് ജി.ശങ്കർ തുടങ്ങിയവർ ജൈവ വൈവിധ്യ ബ്ലോക്കും പാർക്കും സംബന്ധിച്ച് അവതരണങ്ങൾ നടത്തി. കേരള കാർഷിക സർവ്വകലാശാല റിട്ട.പ്രൊഫസർ ഡോ.സി.ഭാസ്കരൻ മോഡറേറ്ററായിരുന്നു. നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, സർക്കാരിന്റെ വികസന ഉപദേഷ്ടാവ് സി.എസ് രഞ്ജിത്ത്, ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ.എസ്.സി. ജോഷി, ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.തങ്കമണി, കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വിനീഷ്, ആസൂത്രണ സമിതി വൈസ് ചെയർമാൻ ഗംഗാധരൻ .കെ, കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷൈലജ ടി.കെ, കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജയകുമാർ, കോഴിക്കോട് ബ്ലോക്ക് ബി.ഡി.ഒ കൃഷ്ണകുമാരി കെ. തുടങ്ങിയവർ സംസാരിച്ചു.

**(ഒപ്പ്)**

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**